G4/23789/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,

തീയതി: 07.01.2022

<u>**പരിപത്രം**</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷം -ആസാദി കാ അമൃത് മഹോത്സവ് - പ്രാദേശിക ചരിത്രം തയ്യാറാക്കൽ -നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- 1) സാംസ്കാരിക വകുപ്പിന്റെ 5 .08 .2021 ലെ പി 3 / 1541 / 2021 ലെ കത്ത്
2) ഈ ഓഫീസിലെ 18 .08 .2021 ലെ ഇതേ നമ്പർ കത്ത്
3) കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം

*********

സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ പൂർത്തിയാക്കുന്നതിന്റെ മുന്നോടിയായി 75 ആഴ്ചകൾ നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ സംസ്ഥാന വ്യാപകമായി വളരെ വിപുലമായ രീതിയിൽ ചരിത്ര പ്രധാനങ്ങളായ 75 സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട് .

ആയതിന്റെ അടിസ്ഥാനത്തിൽ ചരിത്ര പ്രധാന സ്ഥലങ്ങളായ കൊല്ലം, പാലക്കാട് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സൂചനാ നിർദ്ദേശാനുസരണമുള്ള പരിപാടികൾ സംഘടിക്കപ്പെട്ടിട്ടുണ്ട് .

ആയതിന്റെ ഭാഗമായി പ്രാദേശിക ചരിത്രം തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന എല്ലാ സർക്കാർ, എയ്ഡഡ് കോളേജുകളും അതാത് കോളേജുകൾ നിൽക്കുന്ന പ്രദേശത്തെ പ്രാദേശിക ചരിത്രം തയ്യാറാക്കേണ്ടതാണ്. അപ്രകാരം പ്രാദേശിക ചരിത്രം തയ്യാറാക്കി ഡോക്യുമെന്റേഷൻ നടത്തി (റിപ്പോർട്ടും വിഷ്വൽസും) ആയത് ടി പദ്ധതിയുടെ ജില്ലാതല നോഡൽ ഓഫീസറായ ജില്ലാ കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതും ആയത് ഈ ഓഫീസിനെ അറിയിക്കുന്നതിനും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

സ്വാതന്ത്ര്യം, പരമാധികാരം, സ്വാശ്രയത്വം തുടങ്ങിയവ സംബന്ധിച്ച സന്ദേശം യുവ തലമുറകളിലേയ്ക്ക് പകർന്ന് നൽകുന്നതിനാണ് ഇത്തരം ആഘോഷ പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നത്. ആയതിനാൽ ടി വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക ചരിത്രം തയ്യാറാക്കൽ പരിപാടി വലിയ വിജയകരമാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും കോളേജ് പ്രിൻസിപ്പാൾമാരും വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നു കൂടി നിർദ്ദേശിക്കുന്നു .

**Approval Valid**

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 07.01.2022
Reason: Approved

ഒപ്പ്/-
**ഡോ. ജോതിരാജ്. എം**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1) എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എയ്ഡഡ് കോളേജുകളെ അറിയിക്കുന്നതിലേയ്ക്കും )
2 ) എല്ലാ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പൾമാർക്കും